# രക്ഷയുടെ പാതയിൽ



# സഭ ആരാധനാസമൂഹം


സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

൯

# ഉള്ളടക്കം

1. ദൈവാരാധന
2. അടയാളങ്ങളും പ്രതീകങ്ങളും
3. അടയാളങ്ങളും പ്രതീകങ്ങളും വിശുദ്ധകുർബാനയിൽ
4. വിശുദ്ധകുർബാന പരമോന്നത ആരാധന
5. വിശുദ്ധകുർബാന ആമുഖശുശ്രൂഷയും വചനശുശ്രൂഷയും
6. വിശുദ്ധകുർബാന ഒരുക്കശുശ്രൂഷയും അനാഫൊറയും
7. വിശുദ്ധകുർബാന ദൈവൈക്യശുശ്രൂഷയും സമാപനവും
8. ദൈവവചനവും ക്രൈസ്തവജീവിതവും
9. കൂദാശകളും ക്രൈസ്തവജീവിതവും
10. പ്രവേശക കൂദാശകൾ
11. സൗഖ്യദായക കൂദാശകൾ
12. തിരുപ്പട്ടം
13. വിവാഹം
14. ആരാധനാവൽസരവും ക്രൈസ്തവജീവിതവും
15. സമർപ്പിതജീവിതം

# പാഠം- 6



# വിശുദ്ധ കുർബാന ഒരുക്കശുശ്രൂഷയും അനാഫൊറയും



1. ഒരുക്കശുശ്രൂഷ
2. അനാഫൊറ (കൂദാശാകർമം)

# ഒരുക്കശുശ്രൂഷ

❖ ഭൗതിക ഒരുക്കവും ആദ്ധ്യാത്മിക ഒരുക്കവുമുണ്ട്. ബലിവസ്തുക്കളുടെ ഒരുക്കം, അവയുടെ സമർപ്പണം ബലിവസ്തുക്കൾ ശോശാപ്പാകൊണ്ടു മൂടൽ എന്നിവയാണ് ഭൗതിക ഒരുക്കത്തിലെ ഘടകങ്ങൾ. അയോഗ്യരെ പറഞ്ഞയക്കൽ സാംഷ്ടാംഗപ്രണാമം, കൈകഴുകൽ, വിശ്വാസപ്രമാണം, കാർമികന്റെ മദ്ബഹപ്രവേശനം എന്നീ കർമ്മളാണ് ആദ്ധ്യാത്മിക ഒരുക്കത്തിലുള്ളത്.

## 1. ബലിവസ്തുക്കളുടെ ഒരുക്കം

❖ കാസയും പീലാസയും ധൂപിച്ചു വിശുദ്ധീകരിക്കുകയും അവയിൽ അപ്പവും വീഞ്ഞും തയ്യാറാക്കുകയും ചെയ്യുന്നു.

## 2. അയോഗ്യരെ പറഞ്ഞയക്കൽ

❖ മാമ്മോദീസാ സ്വീകരിച്ചിട്ടില്ലാത്തവരെയും, ജീവന്റെ അടയാളം സ്വീകരിക്കാത്തവരെയും, വിശുദ്ധ കുർബാന സ്വീകരിക്കുന്നില്ലാത്തവരെയും, വചനശുശ്രൂഷയ്ക്കു ശേഷം പറഞ്ഞയക്കുന്ന രീതി പുരാതന കാലത്തുണ്ടായിരുന്നു. മാമ്മോദീസയ്ക്കു യോജിച്ച ജീവിതം നയിക്കാത്തവർ സ്വർഗീയ ജീവിതത്തിൽ നിന്ന് നിത്യമായി തിരസ്ക്കരിക്കപ്പെടുമെന്നതിന്റെ അടയാളമാണ് ഈ പറഞ്ഞയക്കൽ.

## 3. ബലിവസ്തുക്കളുടെ സമർപ്പണവും ദിവ്യരഹസ്യഗീതവും

❖ കാർമികൻ ഉപപീഠങ്ങളിൽ (ബേസ്ഗസകളിൽ) ഒരുക്കിവച്ചിരിക്കുന്ന അപ്പവും വീഞ്ഞും അൾത്താരയിലേക്ക് സംവഹിക്കുന്നു. ഈ സമയത്ത് സമൂഹം ആലപിക്കുന്ന ഗീതമാണ് ദിവ്യരഹസ്യഗീതം. അൾത്താരയിൽ ഈ ദിവ്യരഹസ്യങ്ങളെ കുരിശാകൃതിയിൽ ഉയർത്തുന്നത് അവിടുത്തെ കുരിശുമരണത്തെ സൂചിപ്പിക്കുന്നു

## 4. വിശ്വാസപ്രമാണം

❖ വിശുദ്ധ കുർബാനയുടെ കേന്ദ്രഭാഗമായ അനാഫൊറയിലേക്കു കടക്കുന്നതിനു മുൻപായി സമൂഹം തങ്ങളുടെ വിശ്വാസാനുഭവം പ്രഖ്യാപിക്കുന്നു. പരിശുദ്ധ ത്രിത്വത്തിലും തിരുസഭയിലും സ്വർഗീയ ജീവിതത്തിലുമുള്ള വിശ്വാസമാണ് നാമിവിടെ ഏറ്റുപറയുന്നത്.

## 5. മദ്ബഹപ്രവേശനം

- അതിവിശുദ്ധസ്ഥലത്തു പ്രവേശിച്ച് ഈശോയുടെ തിരുശരീരരക്തങ്ങളുടെ ബലിയർപ്പിക്കാൻ പാപിയും ബലഹീനനുമായ തന്നെ കാരുണ്യപൂർവ്വം യോഗ്യനാക്കിയതിന് ദൈവത്തിനു നന്ദി പറഞ്ഞുകൊണ്ട് ഈ സമയത്ത് കാർമികൻ പ്രാർത്ഥിക്കുന്നു. ദൈവജനത്തിന്റെ കടങ്ങളുടെ പൊറുതി, പാപങ്ങളുടെ മോചനം, ആത്മാക്കളുടെ രക്ഷ, ലോകം മുഴുവന്റെയും അനുരഞ്ജനം, എല്ലാ സഭകളുടെയും സമാധാനവും ശാന്തിയും ഇവയ്ക്കെല്ലാം വേണ്ടിയാണ് കാർമികൻ ബലിയർപ്പിക്കുന്നത് എന്ന് ഈ പ്രാർത്ഥന വ്യക്തമാക്കുന്നു.

# അനാഫൊറ (കൂദാശാകർമം)

❖വിശുദ്ധ കുർബാനയുടെ കേന്ദ്രഭാഗമാണ് അനാഫൊറ. അനാഫൊറ എന്ന ഗ്രീക്കുവാക്കിന്റെ അർത്ഥം ഉയർത്തുക, സമർപ്പിക്കുക, എന്നൊക്കെയാണ്. നാലു പ്രാർത്ഥനാവൃത്തങ്ങളാണ് അനാഫൊറയിലുളളത്. ഒരു പ്രാർത്ഥനാ വൃത്തത്തിൽ പ്രധാനമായും നാലു ഘടകങ്ങളുണ്ടായിരിക്കും. പ്രാർത്ഥനായാചന, രഹസ്യപ്രാർത്ഥന (കൂശാപ്പ), പ്രണാമജപം (ഗ്ഹാന്താ പ്രാർത്ഥന), സ്തുതിഗീതം (കാനോന) ഇവയാണ് ആ നാലു ഘടകങ്ങൾ.

## 1. ഒന്നാം പ്രണാമജപവൃത്തം (ഗ്ഹാന്താവൃത്തം)

❖പ്രാർത്ഥനായാചന, രഹസ്യപ്രാർത്ഥന, ഒന്നാം പ്രണാമജപം, സ്തുതിപ്പുവരെയുളള ഭാഗം എന്നിവ ഒന്നാം പ്രണാമവൃത്തത്തിൽപ്പെടുന്നു. ഒന്നാം പ്രണാമജപത്തിൽ ദൈവം വർഷിച്ച സമൃദ്ധമായ അനുഗ്രഹങ്ങൾക്കു നന്ദി പറയുന്നു.

## 2. പ്രാർത്ഥനായാചന

- ദൈവികസാന്നിദ്ധ്യം നിറഞ്ഞു നിൽക്കുന്ന ബലിപീഠത്തിലെത്തുന്ന വൈദികൻ തന്റെ അയോഗ്യതയെക്കുറിച്ച് ബോധവാനായി സമൂഹത്തിന്റെ പ്രാർത്ഥനാസഹായം യാചിക്കുന്നു.

## 3. സമാധാനാശംസ

- ഈശോയുടെ സമാധാനം നമ്മൾ പരസ്പരം പങ്കുവയ്ക്കുമ്പോൾ ബലിയർപ്പണത്തിനുവേണ്ട അവശ്യയോഗ്യതയായ സ്നേഹവും ഐക്യവും നമ്മിലുണ്ടെന്നും ലോകം മുഴുവനിലുമുള്ള സകലരോടും അനുരഞ്ജനത്തിലാണെന്നും നാം പ്രഖ്യാപിക്കുകയാണ്.

4. **അനുസ്മരണപ്രാർത്ഥന (ഡിപ്റ്റിക്സ്)**

❖ മരിച്ചവരെയും ജീവിച്ചിരിക്കുന്നവരെയും പേരുപറഞ്ഞ് അനുസ്മരിക്കുന്ന വേളയാണിത്. നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ സമർപ്പിക്കുന്നതിനുള്ള അവസരം കൂടിയാണിത്.

5. **ധൂപാർപണം**

❖ തുടർന്നുവരുന്ന ധൂപാർപ്പണം പരിശുദ്ധത്രിത്വത്തിന്റെ ബഹുമാനത്തിനും ദൈവത്തെ പ്രസാദിപ്പിക്കാനും ദൈവജനത്തിന്റെ പാപങ്ങളുടെ മോചനത്തിനും വേണ്ടിയുള്ളതാണെന്ന് ആശിർവാദപ്രാർത്ഥന വ്യക്തമാക്കുന്നു.

## 6. സംഭാഷണപ്രാർത്ഥന

❖പ്രാർത്ഥനാശംസ പരിശുദ്ധ ത്രിത്വത്തിന്റെ സാന്നിദ്ധ്യവും കൃപയും അനുഭവമാക്കിത്തരുന്നു. ‘അബ്രാഹത്തിന്റെയും....’ എന്ന പ്രാർത്ഥന വഴി ദൈവം മരിച്ചവരുടെയല്ല ജീവിക്കുന്നവരുടെ ദൈവമാണ് എന്ന് ഏറ്റുപറയുന്നു.

## 7. രണ്ടാം പ്രണാമജപവൃത്തം

❖പരിശുദ്ധമായ ബലിയർപ്പണത്തിനു ചേരാത്ത എല്ലാ തിന്മകളിൽ നിന്നും മനസ്സിനെ വിമുക്തമാക്കി ഈ തിരുകർമം പ്രത്യാശയോടെ അർപ്പിക്കാനുള്ള ആത്മധൈര്യത്തിനായി ഇവിടെ പ്രാർത്ഥിക്കുന്നു.

## 8. പരിശുദ്ധൻ” ഗീതം

❖ഏശയ്യായുടെ ദർശനത്തിലെ സ്രാപ്പേന്മാരുടെ സ്തുതിഗീതം (ഏശയ്യാ 6:3), യോഹന്നാന്റെ വെളിപാടിലെ സ്വർഗീയദർശനം (വെളി.4:8), ഈശോയുടെ ഓർശ്ലം പ്രവേശനത്തിൽ ജനം ആർത്തുവിളിച്ച ഓശാന (മത്താ.21:9) എന്നീ വിശുദ്ധഗ്രന്ഥ ഭാഗങ്ങൾ ചേർത്ത് രൂപം കൊടുത്ത സ്തുതിഗീതമാണിത്.

## 9. മൂന്നാം പ്രണാംജപവൃത്തം

❖‘ദൈവമേ അങ്ങ് പരിശുദ്ധനാകുന്നു...’ എന്ന രഹസ്യപ്രാർത്ഥനയോടെ മൂന്നാം പ്രണാമ ജപവൃത്തം ആരംഭിക്കുന്നു. ഈശോയുടെ മനുഷ്യാവതാരരഹസ്യത്തെ അനുസ്മരിച്ച് നന്ദിപറയുകയാണ് ആദ്യഭാഗത്ത്. സ്ഥാപനവിവരണാനന്തരം തുടരുന്ന രണ്ടാംഭാഗത്ത്, നന്ദി പ്രകാശിപ്പിക്കാൻപോലും സാധ്യമല്ലാത്തവിധം ദൈവം ചൊരിഞ്ഞ അനന്തമായ കൃപയെ ഏറ്റുപറഞ്ഞ് സഭാമാതാവ് ദൈവത്തെ സ്തുതിക്കുന്നു.

## 10. സ്ഥാപനവിവരണം

- വിശുദ്ധ കുർബാന എന്ന മഹാ രഹസ്യത്തെ ഈശോ സ്ഥാപിച്ച ദിവ്യ നിമിഷങ്ങൾ ഇതിലൂടെ ഓരോ ബലിയിലും നാം അനുസ്മരിക്കുന്നു. അവിടുത്തെ കൽപ്പനയനുസരിച്ചാണ് നാം വിശുദ്ധ കുർബാന ആചരിക്കുന്നതും.

## 11. നാലാം പ്രണാമജപവൃത്തം

- കൈവിരിച്ചുപിടിച്ച് കൈകൊണ്ട് കാർമികൻ സഭാധികാരികൾക്കും ഭൗതികാധികാരികൾക്കും ജീവിക്കുന്നവരും മരിച്ചവരുമായ  എല്ലാവർക്കും വേണ്ടി മദ്ധ്യസ്ഥ്യം യാചിക്കുന്നു. നാലാം പ്രണാമജപത്തിൽ ദൈവം സഭയിലൂടെ തുടർന്നു കൊണ്ടിരുന്ന വിശദ്ധീകരണ കർമ്മത്തിനും നന്ദി പറയുന്നു. പരിശുദ്ധ കന്യാമറിയത്തെയും പിതാക്കന്മാരെയും അനുസ്മരിക്കുകും സമാധാനത്തിനും ശാന്തിക്കുംവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## 12. റൂഹാക്ഷണപ്രാർത്ഥന

❖ ഈശോയെ ഉയർപ്പിച്ച പരിശുദ്ധാത്മവിന്റെ ആവാസത്തോടെ അൾത്താരയിലെ ബലിയും പൂർണ്ണമാക്കപ്പെടുന്നു. “സജീവവും പരിശുദ്ധവും....”. എന്നു തുടങ്ങുന്ന സ്തുതി ഗീതത്തോടുകൂടി നാലാം പ്രണാമജപവൃത്തവും ഒപ്പം അനാഫൊറയും അവസാനിക്കുന്നു.

## എന്റെ തീരുമാനം

ഈശോയുടെ ബലിയോടു ചേർത്തുകൊണ്ട്
എന്റെ ജീവിതത്തെയും ഞാൻ ബലിയായി
സമർപ്പിക്കും.

വിശുദ്ധകുർബാന ഒരുക്കശുശ്രൂഷയും അനാഫൊറയും

